കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ധർമ്മടം ഗ്രാമപഞ്ചായത്ത് - കളത്തിൽപ്പറമ്പ് കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കാനും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതിക്ക് തുക നൽകാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം..183/ 2019/ തസ്വഭവ                    തിരുവനന്തപുരം, തീയതി, 28.01.2019.

---

പരാമർശം : 1) ധർമ്മടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.11.2018-ലെ A2/ 4119/ 18 നമ്പർ കത്ത്

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ലെ 4.23 നമ്പർ യോഗതീരുമാനം

<u>ഉത്തരവ്</u>

ധർമ്മടം ഗ്രാമപഞ്ചായത്തിലെ കളത്തിൽപ്പറമ്പ് കിണർ നിർമ്മാണം എന്ന പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. കുടിവെള്ള ക്ഷാമം നേരിട്ടതിനാൽ സാങ്കേതിക അനുമതി ലഭിക്കാതെ തന്നെ ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുകയും നിർമ്മാണം സംബന്ധിച്ച് നിർവഹണ ഘട്ടത്തിൽ കോടതി കേസുണ്ടായിരുന്നുവെങ്കിലും വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ പരാതി അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തുകയും ബഹു. തലശ്ശേരി സ്പെഷ്യൽ ജഡ്ജ് കോടതിയുടെ CMP 519/ 17-ാം നമ്പർ ഉത്തരവ് പ്രകാരം കേസ് തള്ളിയതിനാൽ ഈ പ്രവൃത്തി പൂർത്തിയാക്കാനും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതിക്ക് തുക നൽകാനും അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി അടക്കമുള്ള മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവർത്തി പൂർത്തിയാക്കുവാനും ഭാഗികമായി നിർമ്മാണം നടത്തിയ ഗുണഭോക്തൃ സമിതി തന്നെ ശേഷിക്കുന്ന നിർമ്മാണവും പൂർത്തിയാക്കണമെന്ന നിബന്ധനയോടെ ഇതുവരെ നടത്തിയ പ്രവൃത്തിയുടെ ബിൽ തുക (വാല്യുവേഷന്റെ അടിസ്ഥാനത്തിൽ) നൽകാനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
പ്രസിഡന്റ്/സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ